# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3593** **30/01/2014-ൽ മറുപടിയ്ക്ക്**

## പൊതുനിരത്തുകളിലെ മത്സ്യവിപണനം

| ചോദ്യം<br>ശ്രീ. ബി. ഡി. ദേവസ്സി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) പൊതുനിരത്തുകളിൽ വലിയ തോതിൽ മത്സ്യം വിൽക്കുന്നതു മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) മത്സ്യമാർക്കറ്റിന് കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ ഇതിനായി കെട്ടിടം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നു. മത്സ്യമാർക്കറ്റിന് കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നിവേദനം ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്തിന്റെ സാധ്യതാ പഠനം നടത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ